പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1326    06.02.2020 ൽ മറുപടിയ്ക്ക്**

**പട്ടയത്തിനായി ദേവസ്യാ സമർപ്പിച്ച അപേക്ഷ**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പട്ടയത്തിനായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ മണ്ണയ്ക്കനാട് കരയിൽ മുണ്ടയ്ക്കൽ വീട്ടിൽ ദേവസ്യാ സമർപ്പിച്ച അപേക്ഷയിൽ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ ബ്ലോക്ക് നം. 8 ൽ റീസർവ്വെ 407/4 ൽപ്പെട്ട 01.80 ആർ വസ്തുവിന് കുടികിടപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ശ്രീ.ദേവസ്യ മുണ്ടയ്ക്കൽ വീട് എന്ന വ്യക്തി 4/1/2019 ൽ മീനച്ചിൽ താലൂക്കിൽ അപേക്ഷ സമർപ്പിച്ചിരുന്നതും, ആയതിൽ 24/7/2019 ൽ തഹസിൽദാർ ടിയാനെ നേരിൽ കേട്ടിട്ടുള്ളതുമാണ്. |
| (ബി) | അപേക്ഷകൻ 2019 ജനുവരി മാസത്തിലാണ് അപേക്ഷ സമർപ്പിച്ചത് എന്നതിന്റെ പേരിൽ പ്രസ്തുത അപേക്ഷ മീനച്ചിൽ താലൂക്കാഫീസിൽ പരിഗണനയ്ക്കെടുക്കാതെ മാറ്റി വച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 31/12/2018 വരെ ലഭിച്ച അപേക്ഷകൾ പരിഗണിച്ചാൽ മതിയെന്ന ലാൻഡ് ബോർഡിന്റെ നിർദ്ദേശ പ്രകാരം ടി കക്ഷി താലൂക്കോഫീസിൽ സമർപ്പിച്ച അപേക്ഷ ഇപ്പോൾ പരിഗണിക്കുന്നില്ല എന്നും തീയതി നീട്ടികിട്ടുന്ന അവസരത്തിൽ ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതാണെന്ന് കക്ഷിയെ അറിയിച്ചിരുന്നതായും മീനച്ചിൽ തഹസിൽദാർ അറിയിച്ചിട്ടുണ്ട്. |
| (സി) | വീടില്ലാത്ത ദേവസ്യക്ക് വീട് വയ്ക്കുവാൻ നാട്ടുകുന്ന് മഠത്തിൽ നിന്നും സഹായം വാഗ്ദാനം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അപേക്ഷകന് എത്രയും വേഗം പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) 31/12/2018 ന ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതനുസരിച്ച് ടിയാന് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ